**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 229** **22-01-2021 - ൽ മറുപടിയ്ക്ക്**

**അരുവിക്കര കുപ്പിവെള്ള പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം . വിൻസെൻറ് ,<br>ശ്രീ. കെ. എസ്. ശബരീനാഥൻ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. വി .എസ്. ശിവകുമാർ** | | **Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | കുപ്പിവെള്ള വില നിയന്ത്രിക്കുവാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; | (എ) | സംസ്ഥാനത്ത് കുപ്പി വെള്ളത്തിന്റെ ന്യായവിലയ്ക്കുള്ള ലഭ്യതയും നീതി പൂർവ്വകമായ വിതരണവും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി 17.03.2020-ലെ സർക്കാർ ഉത്തരവ് (പി)നം. 5/2020/ഭ.പൊ.വി.വ (SRO No. 237/ 2020) പ്രകാരം വിപണിയിൽ വിൽക്കുന്ന കുപ്പി വെള്ളത്തിന്റെ പരമാവധി റീട്ടെയിൽ വില 1 ലിറ്ററിന് 13 രൂപയായി നിശ്ചയിച്ച് വിജ്ഞാപനം ഉത്തരവായിട്ടുള്ളതാണ്. ടി വിജ്ഞാപനം പ്രാബല്യത്തിൽ വന്നതുമുതൽ ലീഗൽ മെട്രോളജി വകുപ്പ് സംസ്ഥാനത്തൊട്ടാകെ കുപ്പി വെള്ളത്തിന് അമിത വില ഈടാക്കുന്നത് സംബന്ധിച്ച് വ്യാപക പരിശോധനകൾ നടത്തി വരുന്നു. കൂടാതെ സർക്കർ ഉടമസ്ഥതയിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷനും (KIIDC) 'ഹില്ലി അക്വ' എന്ന പേരിൽ കുപ്പിവെള്ളം വിതരണം ചെയ്തു വരുന്നുണ്ട് |
| (ബി) | ജനങ്ങൾക്ക് മെച്ചപ്പെട്ട നിലവാരത്തിലുള്ള കുപ്പിവെള്ളം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നിർമ്മാണം ആരംഭിച്ച അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | (ബി) | അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റ് 16.01.2021-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | കുപ്പിവെള്ള പ്ലാന്റിന് ബി.ഐ.എസ്. അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) | കുപ്പിവെള്ള പ്ലാന്റിന് ബി. ഐ. എസ്. അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്ലാന്റിന്റെ നടത്തിപ്പ് കെ.ഐ.ഐ.ഡി.സി. യെ ഏല്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; കേരള വാട്ടർ അതോറിറ്റി സ്വന്തമായി നടത്താതെ പ്ലാന്റ് മറ്റൊരു കമ്പനിക്ക് കൈമാറിയത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ ? | (ഡി) | അരുവിക്കര ഡാമിനു സമീപം ജല അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് 2008ൽ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് കേരള വാട്ടർ അതോറിറ്റി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും വിവിധ കാരണങ്ങളാൽ പ്രസ്തുത |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോയി. മാത്രവുമല്ല ഡിസൈനിലെ ചില സാങ്കേതിക തകരാറുകൾ മൂലം BIS മുതലായ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിയ്ക്കുന്നതിന് പ്രയാസവും നേരിട്ടു. ഇതിനെ തുടർന്ന് 28.02.2020 ലെ സർക്കാർ ഉത്തരവ് നമ്പർ. (കൈ)17/2020/WRD പ്രകാരം അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടു കൊണ്ടു പോകുന്നതിനായി കുപ്പിവെള്ള നിർമ്മാണ വിതരണ രംഗത്ത് പരിചയ സമ്പത്തുള്ളതും സർക്കാർ ഉടമസ്ഥതയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷൻ (KIIDC) എന്ന സ്ഥാപനത്തിന് പ്ലാന്റ് കൈമാറി ഉത്തരവായി. |

സെക്ഷൻ ഓഫീസർ